# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ *1 — 26.09.2016-ൽ മറുപടിക്ക്

## രാഷ്ട്രീയ കൊലപാതകങ്ങൾ സംബന്ധിച്ച ദേശീയ ക്രൈം റെക്കോർഡ്സ് ബ്യൂറോയുടെ കണ്ടെത്തൽ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി<br>ശ്രീ. എൻ. എ. നെല്ലിക്കുന്ന്<br>ശ്രീ. സി. മമ്മൂട്ടി<br>ശ്രീ. പാറക്കൽ അബ്ദുല്ല | പിണറായി വിജയൻ<br>( മുഖ്യമന്ത്രി) |
| (എ) രാഷ്ട്രീയ കൊലപാതകങ്ങളുടെ കാര്യത്തിൽ സംസ്ഥാനത്തിന് മൂന്നാം സ്ഥാനമാണെന്ന ദേശീയ ക്രൈം റെക്കോർഡ്സ് ബ്യൂറോയുടെ കണ്ടെത്തൽ ശ്രദ്ധയിൽ വന്നിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ ഈ കണ്ടെത്തലിലേക്ക് നയിച്ച വസ്തുതകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (ബി) റിപ്പോർട്ടിൽ ഇത് സംബന്ധിച്ച് പരാമർശിക്കപ്പെട്ടതായി കാണുന്നില്ല. |
| (സി) സാക്ഷര കേരളത്തിന് അപമാനമായ ഈ സ്ഥിതിവിശേഷത്തിൽ നിന്നും മോചനം നേടാൻ വേണ്ട അടിയന്തര നടപടികൾ സ്വീകരിക്കുമോ? | (സി) എൻ.സി.ആർ.ബിയുടെ Crime in India റിപ്പോർട്ട് പ്രകാരം 2014-ൽ ഇന്ത്യയിലാകെ 29 സംസ്ഥാനങ്ങളിലായി നടന്ന കൊലപാതകങ്ങൾ 33,327 ആണ്. കേരളത്തിൽ 367 ഉം. ഇക്കാര്യത്തിൽ കേരളം 18- ാം സ്ഥാനത്താണ്. 2015-ൽ മൊത്തം കൊലപാതകം 31,480 ഉം കേരളത്തിൽ 334 ഉം ആണ്. ഈ വർഷം കേരളത്തിന്റെ സ്ഥാനം 17 ാമതാണ്. എന്നിരുന്നാലും ഇത്തരം സാഹചര്യം നേരിടുന്നതിനായി സംസ്ഥാന പോലീസും, രഹസ്യാന്വേഷണ വിഭാഗവും പരസ്പരം സഹകരിച്ച് പ്രവർത്തിച്ച് വരുന്നുണ്ട്. ഇതിലൂടെ കുറ്റകൃത്യം ഉണ്ടാവാൻ സാധ്യതയുള്ള സ്ഥലങ്ങളിൽ കൂടുതൽ പോലീസ് നിരീക്ഷണവും, പിക്കറ്റും |

ഏർപ്പെടുത്തിയും, കർശന പട്രോളിംഗും ഏർപ്പെടുത്തിയും ആവശ്യമായ മുൻ കരുതലുകൾ സ്വീകരിച്ചു വരുന്നു. ഇതിനുപുറമെ ഇത്തരം കുറ്റകൃത്യങ്ങൾ റിപ്പോർട്ട് ചെയ്താൽ നിലവിലുള്ള നിയമ പ്രകാരം കുറ്റവാളികൾക്ക് കർശന ശിക്ഷ ഉറപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്.

സെക്ഷൻ ഓഫീസർ